**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.253 25.04.2017 ൽ മറുപടിക്ക്

ആർദ്രം പദ്ധതി

| ചോദ്യം<br><br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാതൃകാ പി. എച്ച് .സി കളാക്കി മാറ്റിയ പി. എച്ച് .സി കളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ; | (എ) | 28.03.2017 ലെ സ.ഉ(ആർ.റ്റി) 845/2017/ആ.കു.വ പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ തുടങ്ങുന്നതിന് 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇവിടങ്ങളിലെ ഡോക്ടർമാർക്കും, നേഴ്സുമാർക്കുമുള്ള സമഗ്രമായ പരിശീലന പരിപാടികൾക്കുള്ള തയ്യാറെടുപ്പുകൾ നടന്നു വരികയാണ്. |
| (ബി) | ഇതിന്റെ പ്രവർത്തനങ്ങൾ ഏത് തരത്തിലാണ് ആരോഗ്യവകുപ്പ് നടത്തുന്നത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സാർവ്വത്രികവും, സൗജന്യവും, സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ ഓരോ കുടുംബത്തിനും നൽകുവാനാണ് ഫാമിലി ഹെൽത്ത് സെന്ററുകളിലൂടെ ഉദ്ദേശിക്കുന്നത്. പി.എച്ച്.സി കളിലെ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രം എന്ന തലത്തിലേയ്ക്ക് കൊണ്ട് വരുന്നതിലൂടെ അനാവശ്യമായ റഫറലുകൾ ഒഴിവാക്കാനും സാധാരണ ചികിത്സ സേവനങ്ങൾക്ക് വേണ്ടി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നത് ഒഴിവാക്കാനും സാധിക്കും. ഒരു കുടുംബത്തിന്റെ മുഴുവൻ ആരോഗ്യ |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങൾക്കും ഉതകുന്ന പരിചരണം നൽകുവാൻ ആശുപത്രിയിലെ മറ്റ് ജീവനക്കാരെയും പ്രാപ്തരാക്കുക എന്നതും ഇതിലൂടെ ഉദ്ദേശിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തോടെയാണ്. കുടുംബാരോഗ്യ കേന്ദ്രമാക്കി തിരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഡോക്ടർമാർക്കും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനുമുള്ള പരിശീലന പരിപാടികൾക്കുള്ള തയ്യാറെടുപ്പുകളും നടന്നു വരുന്നു. 2017 ലോകാരോഗ്യ ദിനവുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്കും സ്റ്റാഫ് നേഴ്സിനും 'ഡിപ്രഷൻ' കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി ബന്ധപ്പെട്ട പ്രത്യേക പരിശീലനങ്ങൾ നല്കിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ